## III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### SC-ST വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

മി. സ്പീക്കർ: സംസ്ഥാനത്തെ SC-ST വിഭാഗങ്ങൾക്ക് 2024-25 പദ്ധതി അടങ്കലിന്റെ ഭാഗമായി അനുവദിച്ച പദ്ധതികൾ 2025 ജനുവരി മാസം 22, 25 തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം വെട്ടിക്കുറച്ചതായും ഇതുമൂലം SC-ST വിഭാഗങ്ങളിൽ ഉളവായായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. പി. അനിൽ കുമാർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, കേരളത്തിലെ ഇടതുപക്ഷ സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ പദ്ധതികളെല്ലാം വളരെ കാര്യക്ഷമമായിത്തന്നെയാണ് നടപ്പാക്കിവരുന്നത്. 2024-25 സാമ്പത്തിക

വർഷത്തിൽ പട്ടികജാതി വിഭാഗത്തിന് 1370 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 657 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്, ഇതുപ്രകാരം ഈ വിഭാഗത്തിൽ പദ്ധതികൾ നടപ്പാക്കിവരുന്നുമുണ്ട്. പദ്ധതികളിൽ പലതും നടപ്പാക്കുന്നത് കേന്ദ്ര സർക്കാരിന്റെ പദ്ധതികളുമായി യോജിപ്പിച്ചുകൊണ്ടാണ്. ലൈഫ് പദ്ധതിയിൽ ഇതുവരെ 106610 വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചു. ഇതിനായി 1561 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്, ഈ വർഷവും സർക്കാർ പ്രസ്തുത പദ്ധതിക്കാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആവശ്യാനുസരണം തുക നൽകുന്നതിനായി "ഭവനനിർമ്മാണം" എന്ന ശീർഷകത്തിൽ ഈ ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയതായി കാണാം. " സേഫ്" (സെക്യൂർ അക്കോമഡേഷൻ ആന്റ് ഫെസിലിറ്റി എൻഹാൻസ്മെന്റ്) പദ്ധതിയിൽ മൂന്ന് വർഷമായി പട്ടികജാതി വിഭാഗത്തിൽ 30117 വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടിയും ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്, ഇതിനായി നീക്കിവച്ചത് 172 കോടി രൂപയാണ്. 2023-24 വർഷംവരെയുള്ള പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

2024-25 വർഷത്തെ പ്രീമെട്രിക് സ്കോളർഷിപ്പിന് അർഹരായ മുഴുവൻ കുട്ടികളുടെയും ആനുകൂല്യങ്ങൾ നിലവിൽ വിതരണം ചെയ്തുകഴിഞ്ഞു. 2024-25 വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് കുട്ടികൾ അപേക്ഷകൾ നൽകിത്തുടങ്ങിയിട്ടേയുള്ളൂ. ലഭ്യമാകുന്ന അപേക്ഷകൾ അംഗീകരിച്ചശേഷം സ്കോളർഷിപ്പ് വിതരണം ആരംഭിക്കും. 2024-25 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് സ്കോളർഷിപ്പ് വിതരണത്തിനായി 223 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു, ഈ തുക പൂർണ്ണമായി ചെലവഴിച്ചതിനുപുറമെ 110 കോടി രൂപ അധികവിഹിതമായി ധനകാര്യ വകുപ്പ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പൂർണ്ണമായും അംഗീകരിച്ചുകഴിഞ്ഞ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ വിതരണംചെയ്തുവരുന്നുണ്ട്. അധിക വിഹിതമായി അനുവദിച്ച 93.96 കോടി രൂപയും മറ്റ് വിദ്യാഭ്യാസ ധനസഹായ പദ്ധതികൾക്കായി ബജറ്റിൽ അനുവദിച്ചിട്ടുള്ള 166 കോടി രൂപയും ഉൾപ്പെടെ 591.96 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 233 കോടി രൂപ ചെലവഴിക്കേണ്ട സ്ഥാനത്ത് അത് 591 കോടി രൂപയിലേയ്ക്ക് വർദ്ധനയുണ്ടായിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ വർഷം 72.3 കോടി രൂപ വിദ്യാഭ്യാസ

ആനുകൂല്യങ്ങളായി വിതരണം ചെയ്തിട്ടുണ്ട്. ലൈഫ് പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 43629 വീടുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്, ഇതിനായി 802 കോടി രൂപ അനുവദിച്ചിരുന്നു. സേഫ് പദ്ധതിയിൽ 53 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലൈഫ് പദ്ധതിയിൽ വകയിരുത്തിയ തുകയിൽ മുൻവർഷത്തേക്കാൾ കുറവ് വന്നിട്ടില്ല. സേഫ് പദ്ധതിയിൽ 1287 വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചു. ആവശ്യമായ സ്പെസിഫിക്കേഷനോടുകൂടിയ ലാപ്ടോപ്പ് വാങ്ങുന്നതിന് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഏകീകൃതമായി 30000 രൂപ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന നേരിട്ട് അനുവദിച്ചുവരുന്നു. പട്ടികജാതി വകുപ്പിലെ പദ്ധതികൾ ഗവൺമെന്റ് നടപ്പിലാക്കിവരുന്നത് ഇത്തരത്തിലാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിച്ചശേഷം അതുസംബന്ധിച്ചുള്ള ചർച്ചകൾ കഴിഞ്ഞ മൂന്ന് ദിവസമായി ഈ സഭയിൽ വലിയ രീതിയിൽ നടക്കുകയുണ്ടായി. ആ അവസരത്തിലൊന്നുംതന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച് കാര്യമായ ഒരു ചർച്ചയും ബഹുമാനപ്പെട്ട അംഗങ്ങളിൽനിന്നും

ഉയർന്നുവന്നതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല, അത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചയ്ക്കെടുക്കേണ്ടതില്ല.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, നമ്മുടെ നിയമസഭ റൂൾ 50 അനുസരിച്ച് ഒട്ടനവധി കാര്യങ്ങൾ ചർച്ചചെയ്തിട്ടുണ്ട്. സാമൂഹ്യ-രാഷ്ട്രീയ പ്രാധാന്യമുള്ള വിഷയങ്ങൾ, കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ എന്നിവയെല്ലാം ചർച്ച ചെയ്യാറുണ്ട്. കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലത്തെ നിയമസഭയുടെ ചരിത്രം പരിശോധിച്ചാൽ 'പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്കായി അതത് ഗവൺമെന്റുകൾ വിവിധ പദ്ധതികൾക്കായി പാസ്സാക്കുന്ന പണം ചെലവഴിക്കാൻ കഴിഞ്ഞില്ല, അനിയന്ത്രിതമായി തുക വെട്ടിക്കുറച്ചു' എന്നുപറഞ്ഞുകൊണ്ട് ഒരു റൂൾ 50 എൽ.ഡി.എഫ്. ഭരിക്കുമ്പോഴോ, യു.ഡി.എഫ്. ഭരിക്കുമ്പോഴോ കേരളത്തിന്റെ നിയമസഭയിൽ വന്നിട്ടില്ല. എന്തുകൊണ്ടാണ് ഇപ്പോൾ ഇത്തരത്തിൽ ഒന്നുണ്ടായതെന്ന് പരിശോധിക്കേണ്ടതാണ്. ഇത് രാഷ്ട്രീയമായ കാര്യത്തിനുവേണ്ടി ഉന്നയിച്ച വിഷയമല്ല, കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് സ്വീകരിച്ച സമീപനമാണ് ഇതിനുകാരണം.

ഇത്തരത്തിലൊന്ന് മുൻകാല എൽ.ഡി.എഫ്. ഗവൺമെന്റുകളുടെ ഭരണത്തിലും ഉണ്ടായിട്ടില്ലെന്ന് ഞാൻ പറഞ്ഞുവല്ലോ. എല്ലാ ഗവൺമെന്റുകൾക്കും ഒരു മുൻഗണന ഉണ്ടാകേണ്ടതുണ്ട്. മുൻകാല എൽ.ഡി.എഫ്./യു.ഡി.എഫ്. ഗവൺമെന്റുകളെല്ലാം പരിഗണനാ വിഷയങ്ങളിൽ മുൻഗണന നൽകിയിരുന്നത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കാണ്. പക്ഷേ നിർഭാഗ്യമെന്നുപറയട്ടേ, ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മുൻഗണനാ ലിസ്റ്റിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഇല്ല എന്നതാണ് ഏറ്റവും പ്രയാസകരമായ കാര്യം. അതുകൊണ്ടുതന്നെയാണ് ഇത്തരത്തിൽ ഒരു റൂൾ 50 ഇവിടെ അവതരിപ്പിക്കേണ്ടിവന്നത്.

റൂൾ 50-യ്ക്ക് ആധാരമായ കാര്യങ്ങളെ സംബന്ധിച്ച് ഞാൻ നോട്ടീസിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ വർഷം ജനവരി 22, 25 തീയതികളിൽ പുറപ്പെടുവിച്ച രണ്ട് ഉത്തരവുകളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അതിൽ പറഞ്ഞിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച് പൊതുസമൂഹത്തിനുമുമ്പിൽ ഈ ഗവൺമെന്റ് വലിയ രീതിയിലുള്ള പ്രചാരണങ്ങൾ നടത്തുണ്ട്, വലിയ രൂപത്തിൽ പണം നൽകുന്നു, വലിയ

കാര്യങ്ങൾ ചെയ്യുന്നു, എന്നിട്ടും അതിനുള്ള റിസൽട്ട് ഇല്ലാത്തത് എന്തുകൊണ്ടാണെന്ന് ചോദിക്കുന്നവരുണ്ട്. നമ്മൾ കൊടുക്കുന്നത് എന്താണ്? കണക്കുകൾ എടുത്തുനോക്കിയാൽ അക്കാര്യം മനസ്സിലാകും. റവന്യൂ റെസീപ്റ്റിന്റെ 10 ശതമാനം വരുന്ന തുകയല്ല, മറിച്ച് ബജറ്റിൽ നമ്മൾ നീക്കിവയ്ക്കുന്ന പദ്ധതി തുകയുടെ 9-10 ശതമാനം മാത്രമാണ് ഈ വിഭാഗങ്ങൾക്കായി നൽകുന്നത്, ഈ തുക ഏകദേശം 2000-3000 കോടി രൂപ ആയിരിക്കും. കേരളം രൂപീകരിക്കപ്പെട്ട് ഇത്രകാലമായിട്ടും നേരത്തേ മന്ത്രി പറഞ്ഞപോലെ, സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനും പഞ്ചായത്തിനുമായി നൽകുന്ന വിഹിതം ഏകദേശം 1300 കോടി രൂപയാണ്, അതായത് സംസ്ഥാനം നൽകുന്നത് 3000 കോടി രൂപയിലും കുറവാണ്. ആ ഫണ്ടിൽപ്പോലും വെട്ടിക്കുറവ് ഉണ്ടാകുകയാണ്. അതുകൊണ്ടുതന്നെ ഈ സഭ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഈ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകുന്നതിന് തയ്യാറാകണമെന്നാണ് ഈ ഉപക്ഷേപത്തിലൂടെ അഭ്യർഥിക്കുന്നത്. അതുകൊണ്ടുതന്നെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള എല്ലാ ആദരവും വച്ചുകൊണ്ടുതന്നെ പറയട്ടേ, ഇന്നലെ അങ്ങ് സഭയിൽ പറഞ്ഞ കാര്യം കേട്ടപ്പോൾ എനിക്ക് വലിയ രീതിയിലുള്ള സഹതാപം തോന്നിയിരുന്നു. കിഫ്ബിയിൽനിന്നും 86000 കോടി രൂപ ചെലവഴിച്ചുവെന്ന് അങ്ങ് പറഞ്ഞു, എഴുതികിട്ടിയ മറുപടിയാണ് അങ്ങ് വായിച്ചത്. അതിൽ 162 കോടി രൂപ പട്ടികവിഭാഗങ്ങൾക്ക് കൊടുത്തുവെന്നും അതിൽത്തന്നെ 50 ശതമാനം പദ്ധതികൾ പൂർത്തീകരിച്ചുവെന്നും മറുപടിയിലുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, 86000 കോടി രൂപ പൊതുവായി ചെലവഴിക്കുമ്പോൾ അതിന്റെ ഒരു ശതമാനം എന്നുപറയുന്നത് 860 കോടി രൂപയാണ്. 0.5 ശതമാനം 430 കോടി രൂപയും 0.25 ശതമാനം എന്നത് 215 കോടി രൂപയുമാണ്. 1/4 ശതമാനത്തിൽ താഴെ പറയേണ്ടത് എന്താണെന്ന് എനിക്ക് അറിയില്ല, ആ തുകപോലും കൊടുക്കാതെ 162 കോടി രൂപ നൽകി എന്നു പറയുമ്പോൾത്തന്നെ ഇത് visible അല്ലേ; നിങ്ങൾ ബഹളം വയ്ക്കുന്നത് എന്തിനാണ്? (ബഹളം..) ഞാൻ പറഞ്ഞത് പൊതുവായ കാര്യമാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ചെയറിനെ നോക്കി സംസാരിക്കൂ... അങ്ങോട്ട് നോക്കേണ്ട..

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻപറഞ്ഞത് ഇക്കാര്യം മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽപ്പെടാനാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ വളരെ ലാഘവത്തോടെ മറുപടി വായിച്ചുപോയപ്പോൾ ഇക്കാര്യമൊന്നും അദ്ദേഹം മനസ്സിൽ ചിന്തിച്ചുകാണില്ല. എന്നാൽ തീർച്ചയായും ഇത് ചിന്തിക്കേണ്ട ഒന്നുതന്നെയാണ്. 86000 കോടി രൂപ നാളെ തിരിച്ചടയ്ക്കേണ്ടത് നമ്മുടെ ഗവൺമെന്റ് ഖജനാവിൽനിന്നുതന്നെയാണ്. ജനസംഖ്യയുടെ പത്ത് ശതമാനം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗം നൽകുന്ന നികുതിപ്പണംകൂടി എടുത്തിട്ടാണ് തിരിച്ചടവ് നടത്തേണ്ടത്. അവർക്ക് ഇതൊന്നും അർഹതപ്പെട്ടതല്ല എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ; 86000 കോടി രൂപ ചെലവഴിക്കപ്പെടുമ്പോൾ അവർക്ക് കൂടുതലായി പദ്ധതികൾ ആവശ്യമില്ലെന്ന് തോന്നുന്നുണ്ടോ? പാലക്കാട് ജില്ലയിൽനിന്നുള്ള അംഗമാണല്ലോ അവിടെനിന്നും എതിർത്തുകൊണ്ട് പറയുന്നത്, പാലക്കാട് ജില്ലയിലെ മെഡിക്കൽ കോളേജിന് എസ്.സി. ഫണ്ടിൽനിന്നാണ് 25 കോടി

രൂപ വകയിരുത്തിയത്. അതിനുവേണ്ടി കിഫ്ബി ഫണ്ടിൽനിന്നും തുക നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്; 50-100 കോടി രൂപ പോലും അതിനായി വകയിരുത്താൻ എന്തുകൊണ്ട് സാധിച്ചില്ല? ഒന്നുകിൽ ബോധപൂർവ്വമായ അവഗണനയാണ്, അതല്ലെങ്കിൽ ഈ വിഷയങ്ങളൊന്നും കാണാതെ പോകുന്നു എന്നതാണ് യാഥാർത്ഥ്യം. ഈ രീതിയിൽ മുമ്പോട്ടുപോയ്ക്കഴിഞ്ഞാൽ പ്രസ്തുത ജനവിഭാഗം വീണ്ടും പിറകോട്ടുതന്നെ പോയ്ക്കൊണ്ടിരിക്കും. അതുകൊണ്ടുതന്നെ ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ശക്തമായ രീതിയിൽ ഇടപെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ലൈഫ് മിഷൻ പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇപ്പോൾ പഴയ കാലത്തെപ്പോലെയല്ല, ആദ്യഘട്ടങ്ങളിലൊക്കെ മന്ത്രിമാർക്ക് പണം അനുവദിച്ചുകഴിഞ്ഞാൽ അവരെല്ലാം പണം ചെലവഴിക്കും. എന്നാൽ ഇന്ന് നമ്മുടെ സിസ്റ്റം വേറെയാണ്. തുക അനുവധിച്ചാലും ധനകാര്യ വകുപ്പിൽനിന്നും വീണ്ടും അംഗീകാരം ലഭിച്ചാൽ മാത്രമേ ഡിപ്പാർട്ടുമെന്റുകൾക്ക് ഫണ്ട് ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. 2022-2025-ലെ റിപ്പോർട്ട് ഞാൻ വേഗത്തിൽ വായിക്കാം. ഭവന പദ്ധതിക്കുവേണ്ടി 300 കോടി രൂപ

നീക്കിവച്ചെങ്കിലും 120 കോടി രൂപ കട്ട് ചെയ്തു. 60 ശതമാനമായാണ് അവിടെ കുറച്ചത്. വീടുകളുടെ മെയിന്റനൻസിന് 222 കോടി രൂപ വകയിരുത്തിയതിൽ 50 കോടി രൂപ അവിടെ കട്ട് ചെയ്ത് 173 കോടി രൂപയാണ് അനുവദിച്ചത്. ഭൂമി വാങ്ങുന്ന പദ്ധതിക്കുവേണ്ടി 170 കോടി രൂപ വകയിരുത്തിയതിൽ 100 കോടിരൂപ കട്ട് ചെയ്ത് 70 കോടി രൂപയാണ് അനുവദിച്ചത്. വിവാഹ ധനസഹായമായി 86 ലക്ഷം രൂപ വകയിരുത്തിയതിൽ 36 ലക്ഷം കട്ട് ചെയ്ത് ബാക്കി 50 ലക്ഷം രൂപയാണ് അനുവദിച്ചത്. 'വാത്സല്യനിധി' എന്ന പദ്ധതി ഡിപ്പാർട്ടുമെന്റ് നടപ്പാക്കി വരുന്നുണ്ട്. അതിന് യാതൊരു തുകയും അനുവദിച്ചിട്ടില്ല. സർക്കാർ ഇങ്ങനെയാണോ പ്രയോറിറ്റി ഫിക്സ് ചെയ്യേണ്ടത്; ഇതാണോ ഇടതുപക്ഷത്തിന്റെ സമീപനം? ഇടതുപക്ഷ ഗവൺമെന്റ് ദളിത് വിരുദ്ധ/ ആദിവാസി വിരുദ്ധ ഗവൺമെന്റാണ് എന്നതിന് പ്രകടമായ പല തെളിവുകളും കാണിക്കാൻ കഴിയും. ടി വിഭാഗത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാതെ ഈ രീതിയിൽ സർക്കാർ മുന്നോട്ടുപോയശേഷം എന്തുപ്രസംഗം നടത്തിയിട്ടും കാര്യമില്ല. ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി അടുത്ത കാലത്ത് ചാർജെടുത്തതാണ്.

അതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. യഥാർത്ഥത്തിൽ ഇന്ന് ഇങ്ങനെയൊരു ഡിപ്പാർട്ടുമെന്റ് വേണോയെന്ന് ചിന്തിക്കുന്ന സാഹചര്യമാണുള്ളത്. വിധവകളായ സ്ത്രീകൾക്ക് നൽകി വരുന്ന സാമ്പത്തിക സഹായം നൽകിയത് എപ്പോഴാണെന്ന് അങ്ങ് മറുപടിയിൽ വ്യക്തമാക്കണം. എന്റെ ജില്ലയിൽ 2021-ലാണ് കൊടുത്തത്. 2021 കഴിഞ്ഞ് നാലുവർഷം കഴിഞ്ഞിട്ടും അവർക്ക് പണം ലഭിച്ചിട്ടില്ല. ആ വിഷയത്തിൽ കോടിക്കണക്കിന് രൂപയാണ് നൽകാനുള്ളത്. വിവാഹ ധനസഹായ കുടിശ്ശിക എത്രയാണെന്ന് അങ്ങ് മറുപടിയിൽ വ്യക്തമാക്കണം. ഇതൊക്കെ നൽകേണ്ടത് ആരാണ്? മിശ്രവിവാഹത്തിന് ധനസഹായം നൽകിയിട്ട് എത്ര കാലമായി? യു.ഡി.എഫ്. ഭരിക്കുമ്പോൾ ചികിത്സാ ധനസഹായമുൾപ്പെടെയുള്ള കാര്യങ്ങളിൽ എത്ര രൂപയാണ് കൊടുത്തിരുന്നതെന്ന് അറിയാമോ? ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.യൊക്കെ ആ സമയത്ത് ഇവിടെയുണ്ട്. യാതൊരു വിവേചനവുമില്ലാതെ ആവശ്യമായ തുകകൾ കൊടുത്തിരുന്ന കാലഘട്ടമുണ്ടായിരുന്നു. ഇന്ന് എന്താണ് സ്ഥിതി? പാവപ്പെട്ട പട്ടികജാതി വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായി ജീവിക്കാൻതന്നെ

ബുദ്ധിമുട്ടാണ്. ഒരു അസുഖം കൂടി വന്നാലുള്ള അവരുടെ സ്ഥിതിയെന്താണ്? അവരുടെ ചികിത്സാ ധനസഹായത്തിന്റെ കാര്യത്തിലെങ്കിലും നമ്മൾ പരിഗണന കൊടുക്കേണ്ടേ? ഈ ഗവൺമെന്റ് അത് കൊടുക്കുന്നില്ല. പിന്നാക്കക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ 'ഉന്നതി' എന്ന പേരിലൊരു പദ്ധതി കൊണ്ടുവന്നു. അതിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചു, ഇപ്പോൾ അങ്ങനെയൊരു പദ്ധതിയില്ല. ഈ വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ധാരാളം കാവുകളും കുളങ്ങളുമുണ്ട്. അതൊക്കെ സംരക്ഷിക്കാനുള്ള പദ്ധതി യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നിരുന്നു. അത് ഈ ഗവൺമെന്റ് നിർത്തലാക്കി. ഇതെല്ലാം നിർത്തലാക്കാൻവേണ്ടി ഒരു മന്ത്രിയും വകുപ്പും വേണോ? പദ്ധതി നിർത്തലാക്കാനാണോ ഒരു വകുപ്പ്?

ഇന്നലെ ബഹു. മന്ത്രിയുടെ മറുപടിയിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി 67 കോടി രൂപ നൽകിയെന്ന് സൂചിപ്പിക്കുകയുണ്ടായി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഒന്നും രണ്ടും വർഷം വൈകി വിതരണം ചെയ്യുമ്പോൾ പട്ടികജാതി വിദ്യാർത്ഥികൾ സ്ഥാപന മേധാവികളുടെയും സഹപാഠികളുടെയും മുന്നിൽ പരിഹാസപാത്രമായി നിൽക്കുന്ന ദയനീയമായ

അവസ്ഥ നിലനിൽക്കുന്നു. ഫീസ് യഥാസമയം കൊടുക്കാത്തതുകാരണം പരീക്ഷ എഴുതാൻ അനുവദിക്കാതിരിക്കുക, ടി.സി.-യും സർട്ടിഫിക്കറ്റുകളും തടഞ്ഞുവയ്ക്കുക, ഹൗസ് സർജൻസി തടയുക, ക്ലാസ്സിൽ കയറ്റാതിരിക്കുക തുടങ്ങി വിദ്യാർഥികളുടെ പഠനവും ഭാവിയും അഭിമാനവുംവരെ തകരാറിലാക്കുന്നതായ നിരവധി പരാതികൾ ലഭിക്കുന്നുണ്ട്. ഇത് എന്റെ വാക്കുകളല്ല; ഞാൻ എഴുതിക്കൊണ്ട് വന്നതല്ല. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ധനകാര്യ വകുപ്പിനെഴുതിയ കത്തിലെ വരികളാണിത്. ഡയറക്ടർക്ക് മനസ്സലിഞ്ഞിട്ടുപോലും ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മനസ്സലിഞ്ഞില്ല. 67 കോടി രൂപ കൊടുത്തുവെന്ന് അങ്ങ് പറയുന്നു. എത്രയാണ് കുടിശ്ശികയുള്ളത്? വിദേശസഹായവുമായി ബന്ധപ്പെട്ട് കുടിശ്ശികയുണ്ടെന്ന് മന്ത്രിതന്നെ പറഞ്ഞല്ലോ. എല്ലാം കുടിശ്ശികയാണ്. ഇന്ന് കൊഴിഞ്ഞുപോക്ക് കേരളത്തിൽ കൂടി വരികയാണ്. അക്കാര്യം അങ്ങ് പരിശോധിക്കണം.

<u>മി. സ്പീക്കർ</u>: അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, ഞാൻ അവസാനിപ്പിക്കാം. എസ്.സി./എസ്.ടി. വിഭാഗത്തിൽനിന്നുപോലും കൊഴിഞ്ഞുപോക്ക് കൂടുന്നു.

പഠിക്കാനുള്ള പിന്തുണയും സപ്പോർട്ടും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായില്ലെങ്കിൽ ഇവർക്ക് എങ്ങനെ മുന്നോട്ടുപോകാൻ സാധിക്കും? പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് എന്നുപറയുന്നത് ഇന്ന് ബോർഡ് മാത്രമായി അവശേഷിക്കുന്നു. ആവശ്യമായ പണം നൽകാത്തതിന്റെ പേരിൽ ഇന്ന് കുട്ടികൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

'വിദ്യാവാഹിനി' എന്ന പദ്ധതിക്കുവേണ്ടി ഇപ്രാവശ്യം തുക കൊടുത്തോ? എത്ര രൂപയാണ് കുടിശ്ശികയുള്ളത്? ആദിവാസി ഊരുകളിൽനിന്നും കുട്ടികൾക്ക് പഠിക്കാൻ വരേണ്ടത് വാഹനമാർഗമാണ്. എന്നാൽ ആറുമാസമായി വണ്ടിയോടിക്കുന്നില്ല. പിന്നെ എങ്ങനെ നമുക്ക് കുട്ടികളുടെ കൊഴിഞ്ഞുപോക്കില്ലാതിരിക്കും? എസ്.എസ്.എൽ.സി.-ക്കും ഹയർസെക്കന്ററിക്കും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കിട്ടുമ്പോഴും മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ ഉന്നതവിജയം കൈവരിക്കുമ്പോഴും അവരെ ആദരിക്കുന്ന ചടങ്ങുണ്ടായിരുന്നു. അത് യു.ഡി.എഫ്.-ന്റെ കാലത്ത് തുടങ്ങിയതാണ്. ഇപ്പോൾ അത് നടത്തിയിട്ട് എത്ര കാലമായി? അതുപോലെ ബുക്ക് ബാങ്ക് പദ്ധതി കുട്ടികൾക്ക് സഹായമായിരുന്നു. ഇത്തരം ഒട്ടനവധി

പദ്ധതികൾ നിർത്തി വച്ചു. നടപ്പാക്കുന്ന പദ്ധതികൾക്ക് പണം അനുവദിക്കാത്ത വളരെ ഗുരുതരമായ സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ താൽപര്യം കാണിക്കാത്ത ഈ ഗവൺമെന്റിന്റെ നടപടികൾ അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഈ ഗൗരവമായ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഒ. ആർ. കേളു: സർ, ഇവിടെ പട്ടികജാതി- പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലെന്ന് പറയുന്നത് അംഗീകരിക്കാൻ സാധിക്കില്ല. ഇവിടെ എൽ.ഡി.എഫ്., യു.ഡി.എഫ്. സർക്കാരുകൾ മാറിമാറി ഭരണം നടത്തിയിട്ടുണ്ട്. ജനസംഖ്യാനുപാതികമായ കണക്കെടുക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ആനുപാതികമായി ഫണ്ട് നീക്കി വയ്ക്കുന്ന ഒരു എൽ.ഡി.എഫ്. ഗവൺമെന്റിനെ നമുക്ക് കാണാൻ സാധിക്കും. ഇത് രേഖാമൂലം പരിശോധിക്കാവുന്ന കാര്യമാണ്. വ്യക്തമായി പരിശോധിച്ചാൽ ജനസംഖ്യാനുപാതത്തെക്കാൾ കൂടുതൽ തുകയാണ്

എൽ.ഡി.എഫ്. ഗവൺമെന്റ് നീക്കി വച്ചിരിക്കുന്നതെന്ന് എല്ലാവർക്കും കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. (.......ബഹളം.......)

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ. ബഹുമാനപ്പെട്ട മിനിസ്റ്റർ ചെയറിനെ നോക്കി സംസാരിച്ചാൽ മതി.

ശ്രീ. ഒ. ആർ. കേളു: സർ, യു.ഡി.എഫ്.-ഉം കോൺഗ്രസ്സും ഭരിക്കുന്ന സംസ്ഥാനങ്ങൾ ഇന്ത്യയിലുണ്ടല്ലോ. തൊട്ടടുത്ത കർണ്ണാടകപോലുള്ള മറ്റ് സംസ്ഥാനങ്ങളിൽ ഈ രീതി അവലംബിക്കുന്നുണ്ടോ? അവിടെയൊന്നും ഈ രീതി അവലംബിക്കുന്നില്ലെന്ന് മാത്രമല്ല, അത്തരം സംസ്ഥാനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേക പരിഗണനപോലും നൽകുന്നില്ലെന്ന് നമുക്ക് കാണാൻ സാധിക്കും. നിങ്ങൾ രേഖ പരിശോധിച്ചുകൊണ്ട് പറഞ്ഞോളൂ. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പ്രധാനമായും വിദ്യാഭ്യാസ പദ്ധതി പോലുള്ള പല പദ്ധതികളും സംസ്ഥാന-കേന്ദ്ര ഗവൺമെന്റുമായി ചേർന്നാണ് നടപ്പാക്കുന്നത്. കുടുംബവാർഷിക വരുമാനം രണ്ട് ലക്ഷത്തിൽ കൂടുതലുള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസ ആനുകൂല്യം നിഷേധിച്ചു. പക്ഷേ ഇക്കാര്യത്തിൽ കേരളത്തിലെ

എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച നിലപാട് എന്താണ്? പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്ക് വരുമാനപരിധി പരിശോധിക്കാതെയാണ് വിദ്യാഭ്യാസ ആനുകൂല്യം നൽകിക്കൊണ്ടിരിക്കുന്നത്. എസ്.സി./.എസ്.ടി വിഭാഗത്തിന്റെ 2023-24 വരെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ പൂർണ്ണമായും കൊടുത്തുകഴിഞ്ഞു. കുട്ടികൾ എൻറോൾ ചെയ്തുവരുന്നതിനാൽ അത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നടപ്പുസാമ്പത്തിക വർഷത്തെ തുക അവർക്ക് കൊടുക്കാൻ സാധിക്കും. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ധനകാര്യ വകുപ്പുമന്ത്രി 68 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതും നമുക്ക് കൊടുക്കാൻ സാധിക്കും. 2024-2025-ൽ കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിന് മൊത്തം വകയിരുത്തിയത് 13000 കോടി രൂപയായിരുന്നത് 2025-2026 -ലെ ബഡ്ജറ്റ് രേഖകളിൽ പുതുക്കി നിശ്ചയിച്ചു. 2800 കോടി രൂപയുടെ, അതായത് 22 ശതമാനം തുകയാണ് കേന്ദ്രസർക്കാർ കുറവ് വരുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച കാര്യങ്ങൾ പ്രതിപക്ഷാംഗങ്ങൾ പരിശോധിക്കേണ്ടേ?

കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഒരാൾ പോലും കൊഴിഞ്ഞുപോകാതെ എല്ലാവരെയും സ്കൂളിലെത്തിക്കുന്നതിന്റെ ഭാഗമായി

'വിദ്യാവാഹിനി' പദ്ധതി നടപ്പാക്കുന്നുണ്ട്. അതിനുള്ള ഫണ്ടും കൊടുക്കുന്നുണ്ട്. ബില്ല് വരുന്നതിനനുസരിച്ചാണ് ഫണ്ട് കൊടുത്തുകൊണ്ടിരിക്കുന്നത്. തൊള്ളായിരത്തിലധികം പഞ്ചായത്തുകൾ ഇതിൽ വരുന്നുണ്ട്. അവിടെനിന്നും ബിൽ വരുന്നതനുസരിച്ചാണ് ഫണ്ട് നൽകികൊണ്ടിരിക്കുന്നത്. സ്വാഭാവികമായും ഏറ്റക്കുറച്ചിലുകളുണ്ടാകാം. അല്ലാതെ ഫണ്ട് നൽകുന്നില്ലെന്ന് പറയുന്നത് ശരിയല്ല. അത് നൽകിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ഉന്നതി പദ്ധതിയുടെ കാര്യം ഇവിടെ ഉന്നയിച്ചു. ഒരു കുട്ടിക്ക് 25 ലക്ഷം രൂപയാണ് വിദേശപഠനത്തിന് കൊടുക്കുന്നത്. അത്തരത്തിൽ നിലവിൽ 800 കുട്ടികൾ വിദേശ രാജ്യങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് ഒന്നും നടക്കുന്നില്ലെന്ന് പറയാൻ സാധിക്കുമോ? ആ പദ്ധതിയിലൂടെതന്നെ 56 ഓളം കുട്ടികൾക്ക് ഇന്റേൺഷിപ്പ് കൊടുക്കാനും നമുക്ക് സാധിച്ചു. അതൊരു നേട്ടമല്ലേ? അതിന് പുറമെയാണ് സിവിൽ സർവീസ്, എം.ബി.ബി.എസ്., വിവിധ പാരാമെഡിക്കൽ കോഴ്സുകൾ, നഴ്സിങ് എന്നിവ പഠിപ്പിക്കുന്നത്. 'വിംഗ്സ്' എന്ന പേരിൽ പൈലറ്റ് പരിശീലനം നൽകുന്ന പദ്ധതിയുമുണ്ട്. കഴിഞ്ഞ ദിവസംതന്നെ അതുവഴി തിരുവനന്തപുരം എയർപോർട്ടിലേക്ക് സെലക്ഷൻ

കിട്ടിയ ഒരു കുട്ടിക്ക് 12 ലക്ഷം രൂപ അനുവദിച്ചു. ഇങ്ങനെയൊക്കെ നടക്കുമ്പോൾ ഒന്നും നടക്കുന്നില്ലെന്ന് പറയുന്നത് ശരിയല്ല. 2018-ൽ കോവിഡ് സമയത്ത് കുട്ടികൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യം വന്നപ്പോൾ ഏകദേശം 41 കോടി രൂപ മുടക്കി കേരളത്തിലെ എല്ലാ കുട്ടികൾക്കും ലാപ്ടോപ് കൊടുത്തത് നമ്മളെല്ലാവരും കണ്ടതാണല്ലോ. എല്ലാവരുടെയും മണ്ഡലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത് എൽ.ഡി.എഫ്. ഭരിച്ചപ്പോഴാണ് നടന്നത്. ഇതാണ് ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

മറ്റൊരു കാര്യം തൊഴിലുമായി ബന്ധപ്പെട്ടുള്ളതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA) പ്രകാരം 100 തൊഴിൽദിനങ്ങളാണ് പട്ടികവർഗ വിഭാഗക്കാർക്ക് കൊടുക്കുന്നതെങ്കിൽ 100 തൊഴിൽദിനങ്ങൾക്കുകൂടി ഫണ്ട് വകയിരുത്തിക്കൊണ്ട് ഒരു കുടുംബത്തിന് ഒരു വർഷം 200 തൊഴിൽദിനങ്ങൾ നൽകുന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ 200 തൊഴിൽദിനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകളെയും വ്യക്തികളെയും തിരുവനന്തപുരത്ത് വിളിച്ച് ആദരിക്കുകയുണ്ടായി. ഇതൊരു

വലിയ നേട്ടമല്ലേ. മികച്ച തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി വിമാനത്താവള ജോലികൾ പരിശീലിപ്പിക്കുന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞു. അതുപോലെ TRACE (Training and Research Academy for Career Excellence) പദ്ധതിക്കുകീഴിൽ 500 അക്രഡിറ്റഡ് എഞ്ചിനീയർമാരെ ഇന്റേൺഷിപ്പ് നൽകി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിയമിച്ചിട്ടുണ്ട്. ആ രണ്ട് വർഷം ഇന്റേൺഷിപ്പ് കൊടുക്കുമ്പോൾ ആ കുട്ടികൾക്കുള്ള ഓണറേറിയം നിലവിൽ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പാണ് നൽകിവരുന്നത്. ഇങ്ങനെ നിരവധി കാര്യങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മൂന്ന് വർഷംകൊണ്ട് 11358 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി- പട്ടികവർഗക്കാർക്ക് ഭൂമി ലഭ്യമാക്കണമെന്നതാണ് സർക്കാരിന്റെ നയം. അവർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടിയും ഈ സർക്കാർ ചെയ്തുവരുന്നുണ്ട്. എല്ലാ പട്ടികവർഗക്കാർക്കും ഭൂമിയുള്ള ജില്ലയായി തിരുവനന്തപുരം ജില്ലയെ മാറ്റിയെടുക്കാൻ സാധിച്ചു. അതിന്റെ തുടർച്ച ഞാൻ കഴിഞ്ഞ ദിവസത്തെ

മറുപടിയിൽ പറഞ്ഞിരുന്നു. എല്ലാവർക്കും കൃത്യമായി ഭൂമി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതുപോലെ സ്വന്തം വീട്ടിൽ ഇരുന്ന് പഠിക്കാൻ സൗകര്യക്കുറവുള്ള വീടുകളിലെ കുട്ടികൾക്ക് പഠനമുറി പ്രത്യേകമായി നിർമ്മിക്കാൻ 17000-ത്തോളം യൂണിറ്റുകളാണ് ഈ ഗവൺമെന്റ് നടപ്പാക്കിയത്. പാലക്കാട് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്.-ന് പ്രതിവർഷം 100 സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. അതിൽ 70% സീറ്റുകൾ പട്ടികജാതിക്കാർക്കും 2% സീറ്റുകൾ പട്ടികവർഗക്കാർക്കും 28% സീറ്റുകൾ ഇതര വിഭാഗക്കാർക്കുമാണ് സംവരണം ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രമേയാവതാരകൻ മന്ത്രിയായിരുന്ന സമയത്താണ് പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിച്ചതെന്ന് നമുക്കെല്ലാവർക്കുമറിയാം. യു.ഡി.എഫ്. അധികാരത്തിലിരിക്കുമ്പോൾ 28.68 കോടി രൂപ ചെലവാക്കിക്കൊണ്ടാണ് ടി മെഡിക്കൽ കോളേജ് ആരംഭിച്ചത്. എന്നാൽ ഇപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആകെ 476.98 കോടിയോളം രൂപ മുടക്കി അത് full strength-ലേക്ക് കൊണ്ടുവരികയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ അതിൽ പ്ലാൻ, നോൺ

പ്ലാൻ സംബന്ധിച്ച് ചില വിഷയങ്ങളുണ്ട്, അതും വകുപ്പ് നിലവിൽ പരിശോധിച്ചുവരികയാണ്. പൊതുകണക്ക് ഇവിടെ പരിശോധിക്കുമ്പോൾ നമുക്കറിയാമല്ലോ, യു.ഡി.എഫ്.-ന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗത്തിനുവേണ്ടി എത്ര ചെലവഴിച്ചു, എൽ.ഡി.എഫ്.ന്റെ കാലത്ത് എത്ര ചെലവഴിച്ചു എന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് (2011-16) ആകെ 1366 കോടി രൂപയാണ് ചെലവഴിച്ചത്. അതേസമയം ഇവിടെ എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം പട്ടികവർഗത്തിനുവേണ്ടി 2386 കോടി രൂപയാണ് ചെലവഴിച്ചത്. യു.ഡി.എഫ്.-ന്റെ കാലത്ത് എസ്.സി. വിഭാഗത്തിന് 4280 കോടി രൂപമാത്രമാണ് ചെലവഴിച്ചത്. എന്നാൽ എൽ.ഡി.എഫ്. വന്നപ്പോൾ 5600 കോടി രൂപ ആ വിഭാഗത്തിന് ചെലവഴിച്ചു. എല്ലാ കാര്യങ്ങളും ഞാൻ വിശദീകരിക്കുന്നില്ല. ഒരുപാട് കാര്യങ്ങൾ നടക്കുന്നില്ല എന്ന് പറയുന്നത് ശരിയല്ല. പിന്നെ ഇവിടെ ചൂണ്ടിക്കാണിച്ച വിവാഹ/മിശ്രവിവാഹ ധനസഹായം കൊടുത്തുവരുന്നുണ്ട്. ഓരോ വർഷവും വരുന്ന അപേക്ഷകളിൽ മുൻഗണനാടിസ്ഥാനത്തിലാണ് ഈ ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നത്. ടി അപേക്ഷ നിശ്ചിത സമയത്തിനുള്ളിൽ

നൽകണം. ഇപ്പോൾ ശ്രദ്ധയിൽവന്നിട്ടുള്ള കാര്യമെന്തെന്നാൽ പല ആളുകളും മൂന്നും നാലും വർഷം കഴിഞ്ഞാണ് അപേക്ഷയുമായി വരുന്നത്. അത്തരം കാര്യങ്ങൾപോലും വകുപ്പ് പരിശോധിച്ച് അവർക്കനുകൂലമായ നടപടി സ്വീകരിച്ചുവരികയാണ്.

വാത്സല്യനിധിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ ഇവിടെ പറഞ്ഞു. എൽ.ഐ.സി.യുമായി ചേർന്നായിരുന്നു ടി പദ്ധതി നേരത്തെ നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ, എൽ.ഐ.സി. വാത്സല്യനിധിയിൽനിന്നും പിന്മാറിയതുകൊണ്ട് ചില നിയമപ്രശ്നങ്ങൾ ഇപ്പോൾ നിലവിലുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. വിദ്യാവാഹിനിയുടെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. അതുപോലെ ലൈഫ് ഭവന പദ്ധതിയിൽ ഈ സാമ്പത്തിക വർഷം വകുപ്പിന്റെ അലോക്കേഷൻ പ്രകാരമുള്ള എല്ലാ തുകയും നൽകിക്കഴിഞ്ഞു.

മറ്റൊരു കാര്യം ഇവിടെ ഉന്നയിച്ചത് കിഫ്ബി ഫണ്ടിനെക്കുറിച്ചാണ്. കിഫ്ബി ഫണ്ട് ഉപയോഗിക്കുന്നത് എങ്ങനെയാണ്? കേരളത്തിലെ പൊതുറോഡുകൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പട്ടികജാതി

പട്ടികവർഗം തുടങ്ങി കേരളത്തിലെ എല്ലാ ജനതയും ഉപയോഗിക്കുന്നുണ്ട്. സ്കൂൾ എന്നത് മറ്റൊരു ഫോക്കസ്സാണ്. സ്കൂളുകളിൽ ജനറൽ വിഭാഗം മാത്രമാണോ പഠിക്കുന്നത്, എല്ലാവരും പഠിക്കുന്നില്ലേ. അപ്പോൾ അതിന്റെ ഗുണം ആ വിഭാഗങ്ങൾക്കും അവിടെ ലഭിക്കുന്നില്ലേ. കിഫ്ബി മുഖേന ആശുപത്രികൾ നന്നാക്കുമ്പോൾ കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഒരു വിഭാഗത്തെ മാത്രം പ്രത്യേകം മാറ്റിനിർത്തില്ലല്ലോ. എല്ലാവർക്കും ഉപയോഗിക്കുന്ന രീതിയിൽ പ്രത്യേകമായ ചില പദ്ധതികൾ ഫോക്കസ് ചെയ്തുതന്നെയാണ് കിഫ്ബി പദ്ധതികൾ വിഭാവന ചെയ്തിരിക്കുന്നത്. അങ്ങനെയാണ് അത് നടപ്പാക്കിവരുന്നത്. അതിന്റെ ഗുണങ്ങൾ എല്ലാവർക്കും ലഭിക്കുന്നുണ്ട്, അതിൽ ചേരിതിരിവ് പറഞ്ഞുണ്ടാക്കേണ്ടതില്ല. ഇത്രയും കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച് ഞാൻ പറയുന്നത്. അതുകൊണ്ടുതന്നെ ഇവിടെ ഒന്നും നടക്കുന്നില്ല എന്ന അർത്ഥത്തിൽ പറഞ്ഞുപോകുന്നത് ശരിയല്ല.

ഇവിടെ അവസാനം ചോദിച്ചത് പ്രയോരിറ്റിയെക്കുറിച്ചാണ്. ഒരു പദ്ധതി നടപ്പാക്കുമ്പോൾ ഒരു പ്രയോരിറ്റി നിശ്ചയിച്ചിട്ടുണ്ട്. ചികിത്സാ ധനസഹായം

സ്വാഭാവികമായും മുൻഗണന കൊടുക്കേണ്ട കാര്യമാണ്. അതിന് മുൻഗണന കൊടുത്തിട്ടുണ്ട്. കൂടാതെ കുട്ടികളുടെ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, സ്കോളർഷിപ്പ്, ലൈഫ് പദ്ധതി തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കുന്നതിന് മുൻഗണന നൽകണം. ഇത്തരത്തിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികൾ വേഗംതന്നെ നടപ്പാക്കേണ്ടതുള്ളതിനാൽ ഒരു മുൻഗണനാക്രമം നിശ്ചയിച്ചു എന്നുള്ള കാര്യം ശരിയാണ്. ആ രീതിയിലാണ് ഇവിടെ കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അവസാനമായി 'ഉന്നതി'യെ സംബന്ധിച്ചാണ് ഇവിടെ പറയാനുള്ളത്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന എല്ലാ പദ്ധതികളെയും കോർഡിനേറ്റ് ചെയ്യുന്നതിനുവേണ്ടി ഒരു സൊസൈറ്റി രൂപീകരിച്ചതാണ് 'ഉന്നതി' എന്നുപറയുന്നത്. അത് ഒരു സൊസൈറ്റിയാണ്, അതിന് ഒരു ബൈലോ ഉണ്ട്. ഉദാഹരണത്തിന് ഉന്നതി സ്കോളർഷിപ്പ്, ഉന്നതി വിംഗ്സ്, അതുപോലെ ഒരു കോളനിയുടെ പേര് മാറ്റി 'ഉന്നതി' എന്നാക്കി. അത്തരത്തിൽ ഒരു ബ്രാൻഡ് നെയിംപോലെ കൊടുത്തുകൊണ്ട് ഒരു സൊസൈറ്റി രൂപീകരിച്ച് രണ്ട് വകുപ്പുകളിലെയും എല്ലാ പദ്ധതികളും കൂട്ടിയോജിപ്പിച്ച് ഏറ്റവും നല്ല രീതിയിൽ

നടപ്പാക്കുന്നതിനുവേണ്ടിയാണ് ഉന്നതി ഇവിടെ രൂപീകരിച്ചിട്ടുള്ളത്. അല്ലാതെ ഉന്നതി മരിച്ചുപോയി എന്നുപറയുന്നത് ശരിയല്ല. ഇതാണ് ഉന്നതിയെ സംബന്ധിച്ച് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. ഈ വകുപ്പിൽ ഒന്നും നടക്കുന്നില്ല എന്നുപറയുന്നത് ശരിയല്ല. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് ഞാൻ അറിയിക്കുന്നു.